# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,**

**തിരുവനന്തപുരം – 695003, ഫോൺ/ഫാക്സ് - 0471 2727379**

**ഇമെയിൽ - obcdirectorate@gmail.com, വെബ്സൈറ്റ് – www.bcdd.kerala.gov.in**

---

BCDD/B3/902/18 തീയതി : 16.10.2018

**സർക്കുലർ**

വിഷയം : ഐ.റ്റി.ഐ, കേന്ദ്രീയ വിദ്യാലയം, ടെക്നിക്കൽ സ്കൂളുകൾ (IHRD) , കേരള കലാമണ്ഡലം, സൈനിക സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ഒ.ഇ.സി വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് സ്ഥാപനമേധാവിമാർക്കുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന : സ.ഉ.(എം.എസ്) 10/2014/പി.സ.വി.വ തീയതി 23.05.2014

സംസ്ഥാനത്തെ ഐ.റ്റി.ഐ , കേന്ദ്രീയ വിദ്യാലയം, ടെക്നിക്കൽ സ്കൂളുകൾ (IHRD) , കേരള കലാമണ്ഡലം, സൈനിക സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്കും, സൂചന പ്രകാരം ഒ.ഇ.സി വിദ്യാഭ്യാസാനുകൂല്യത്തിന് തത്തുല്യമായ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചിട്ടുള്ള ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ **www.bcdd.kerala.gov.in** എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയി പിന്നാക്ക വിഭാഗ വികസന വകുപ്പിന് ലഭ്യമാക്കേണ്ടതാണ്. 2018 ഒക്ടോബർ മാസം മുതൽ <u>ഓരോ വിദ്യാർത്ഥിക്കും അർഹമായ തുക വിദ്യാർത്ഥികളുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലേക്ക് വിതരണം നടത്തുന്നതാണ്.</u> ഇത് സംബന്ധിച്ച് സ്ഥാപനമേധാവിമാർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഒ.ഇ.സി ക്ലെയിം എൻട്രി പോർട്ടലിൽ രജിസ്റ്റർ ചെയ്ത് വകുപ്പിൽ നിന്നും യൂസർ കോഡ്, പാസ് വേർഡ് എന്നിവ ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾക്ക് അതേ യൂസർ കോഡ് ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതാണ്. സുരക്ഷ കണക്കിലെടുത്ത് എല്ലാ സ്ഥാപനങ്ങൾക്കും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ആഫീസ് മുഖേന പുതിയ പാസ് വേർഡ് ലഭ്യമാക്കുന്നതാണ്. നാളിതു വരെ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ **Institution registration** നടത്തേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് അനുബന്ധം 3 പ്രകാരമുള്ള സാക്ഷ്യപത്രം upload ചെയ്യേണ്ടതാണ്.
2. 22.10.2018 മുതൽ ക്ലെയിം എൻട്രി നടത്താവുന്നതാണ്.
3. ലഭ്യമാകുന്ന കോഡ് ഉപയോഗിച്ച് ലോഗിൻ ചെയ്ത് എന്റർ ചെയ്യുന്ന വിവരങ്ങളുടെ കൃത്യത ബന്ധപ്പെട്ട സ്ഥാപനമേധാവിയുടെ മാത്രം ഉത്തരവാദിത്തമാണ്. തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നതിനാൽ ഒരിക്കൽ ട്രാൻസ്ഫർ ചെയ്ത തുക തിരിച്ചെടുക്കാനാവില്ല. ആയതിനാൽ ചട്ടപ്രകാരം അർഹമായ തുക മാത്രമേ ക്ലെയിം ചെയ്തിട്ടുള്ളൂ എന്ന് സ്ഥാപനമേധാവി വ്യക്തിപരമായി ഉറപ്പാക്കേണ്ടതാണ്. അനർഹമായ തുക ക്രെഡിറ്റ് ചെയ്യപ്പെടാനിടയായാൽ ആയത് സ്ഥാപനമേധാവിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

4. അർഹരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നഷ്ടമാകാതിരിക്കുന്നതിന് യഥാസമയം ക്ലെയിം എന്റർ ചെയ്യുന്നതിന് അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
5. ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, ഫീസ്, VVN (Vidyalaya Vikas Nidhi) Refund എന്നിങ്ങനെ വ്യത്യസ്ത ഇനത്തിൽ അനുവദിക്കേണ്ട തുക പ്രത്യേകം എന്റർ ചെയ്യേണ്ടതാണ്. ഓരോ മാസത്തേയും **ഹാജരിന്റെ അടിസ്ഥാനത്തിൽ** മാത്രം സ്റ്റൈപന്റ് ക്ലെയിം ചെയ്യേണ്ടതാണ്.
6. കേന്ദ്രീയ വിദ്യാലയങ്ങൾ, സൈനിക സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് അവരുടെ രക്ഷിതാവിന്റെ ഉദ്യോഗസ്ഥാപനത്തിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭ്യമാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.
7. ഒ.ഇ.സി വിഭാഗങ്ങളുടെ പട്ടിക അനുബന്ധം 1 ആയും, തത്തുല്യ ആനുകൂല്യത്തിന് അർഹരായ സമുദായങ്ങളുടെ പട്ടിക അനുബന്ധം 2 ആയും ചേർത്തിട്ടുണ്ട്. അനുബന്ധം 1 ലെ സമുദായങ്ങൾക്ക് വരുമാന പരിധി ബാധകമല്ല; അനുബന്ധം 2 ലെ സമുദായങ്ങളുടെ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ അധികരിക്കരുത്.
8. ജാതി സംബന്ധിച്ച എന്തെങ്കിലും സംശയമുള്ള പക്ഷം, റവന്യൂ അധികാരിയിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടാവുന്നതാണ്.
9. സ്വകാര്യ വൊക്കേഷണൽ സ്ഥാപനങ്ങളിലെ അനുവദിക്കപ്പെട്ടിട്ടുള്ള സ്റ്റൈപെന്ററി സീറ്റുകളിൽ പ്രവേശനം നേടിയവർക്ക് മാത്രമേ തുക ക്ലെയിം ചെയ്യാൻ പാടുള്ളൂ.
10. സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള മാതൃകയിൽ കോഴ്സ്, ജാതി, വരുമാനം, ആൺ/പെൺ എന്നിവ ഉൾപ്പെട്ട വിദ്യാർത്ഥികളുടെ പട്ടിക upload ചെയ്യേണ്ടതാണ്.
11. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ട് വിവരങ്ങൾ ഉൾപ്പെട്ട പട്ടിക പ്രസിദ്ധീകരിച്ചിരിക്കുന്ന മാതൃകയിലുള്ള CSV ഫോർമാറ്റിൽ upload ചെയ്യേണ്ടതാണ്. അക്കൌണ്ട് പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കുവാൻ വിദ്യാർത്ഥികൾക്ക് പ്രത്യേകം നിർദ്ദേശം നൽകേണ്ടതാണ്.
12. ക്ലെയിം എൻറർ ചെയ്ത ശേഷം വിവരങ്ങൾ ശരിയാണെന്ന് ഉറപ്പാക്കി, ആയത് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ആഫീസിലേക്ക് Forward ചെയ്യേണ്ടതാണ്.
13. ഓൺലൈൻ ക്ലെയിം സ്റ്റേറ്റ്മെന്റിന്റെ പ്രിന്റ് ഔട്ട്, വിദ്യാർത്ഥികളുടെ പട്ടിക, upload ചെയ്ത ബാങ്ക് അക്കൌണ്ട് വിവരങ്ങൾ എന്നിവ സ്ഥാപന മേധാവിയുടെ ഒപ്പ്, designation seal, office seal എന്നിവ പതിപ്പിച്ച് ബന്ധപ്പെട്ട മേഖലാ ആഫീസിൽ നേരിട്ടോ, തപാൽ മാർഗ്ഗമോ ലഭ്യമാക്കേണ്ടതാണ്.
14. അയക്കേണ്ട വിലാസം ചുവടെ ചേർക്കുന്നു.

*തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള 8 ജില്ലകളിലെ സ്ഥാപനങ്ങൾ*

**മേഖലാ ഡെപ്യൂട്ടി ഡയറക്ടർ**
**പിന്നാക്ക വിഭാഗ വികസന വകുപ്പ്**
**സിവിൽ സ്റ്റേഷൻ - രണ്ടാം നില**
**കാക്കനാട് , എറണാകുളം – 682030**
**ഫോൺ - 0484 2429130, ഇ മെയിൽ : bcddekm@gmail.com**

*പാലക്കാട് മുതൽ കാസറഗോഡ് വരെയുള്ള 6 ജില്ലകളിലെ സ്ഥാപനങ്ങൾ*

**മേഖലാ ഡെപ്യൂട്ടി ഡയറക്ടർ**
**പിന്നാക്ക വിഭാഗ വികസന വകുപ്പ്**
**സിവിൽ സ്റ്റേഷൻ , കോഴിക്കോട് – 673020**
**ഫോൺ - 0495 2377786, ഇ മെയിൽ : bcddkkd@gmail.com**

15. മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ ക്ലെയിം പരിശോധിച്ച് അംഗീകാരം നൽകുന്ന മുറയ്ക്ക് **Sanction order** ഡൌൺലോഡ് ചെയ്യാവുന്നതാണ്.
16. പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ സ്ഥാപനം സന്ദർശിച്ച് അറ്റൻഡൻസ്, അഡ്മിഷൻ രജിസ്റ്റർ തുടങ്ങിയ രേഖകൾ ആവശ്യപ്പെടുമ്പോൾ ആയവ പരിശോധയ്ക്കായി നൽകേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ
പിന്നാക്ക വിഭാഗ വികസന വകുപ്പ്

പകർപ്പ് :

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിവിവിവ – തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ - കൈറ്റ് , തിരുവനന്തപുരം
ഡയറക്ടർ - വ്യവസായ പരിശീലന വകുപ്പ്
ഡയറക്ടർ - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ - വിവര പൊതുജന സമ്പർക്ക വകുപ്പ്
ഡെപ്യൂട്ടി കമ്മീഷണർ, കേന്ദ്രീയ വിദ്യാലയ സംഗതൻ - എറണാകുളം
മേഖാ ഡെപ്യൂട്ടി ഡയക്ടർ - പിവിവിവ എറണാകുളം/കോഴിക്കോട്
ഐ.ടി ഡിവിഷൻ - പിവിവിവ
നോട്ടീസ് ബോർഡ്
കരുതൽ/അധികം

*പിവിഎസ് 01/10/2018*

BCDD/B3/902/18 തീയതി :16.10.18

അനുബന്ധം 1

ഒ.ഇ.സി സമുദായങ്ങളുടെ പട്ടിക (വരുമാന പരിധി ബാധകമല്ല)

## List Other Eligible Communities (No income limit)

1 Chakkamar
2 Peruvannan
3 Varnnavan
4 Madiga
5 Chemman/Chemmar
6 Kudumbi
7 Dheevara/Dheevaran (Arayan,Valan,Nulayan,Mukkuvan,Arayavathi,Valanchiyar,Paniyakal,Mokaya,Bovi,Magayar,Mogaveerar)
8 Scheduled Caste converted to Christianity
9 Kusavan, Kulalan, Kubharan, Velaan, Odan, Andhra Nair, Andhuru Nair
10 Pulaya Vettuvan (Except Kochi State)

BCDD/B3/902/18 തീയതി :16.10.18

## അനുബന്ധം 2

## ഒ.ഇ.സി ക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹമായ സമുദായങ്ങളുടെ പട്ടിക (വാർഷിക വരുമാന പരിധി 6 ലക്ഷം രൂപ)

| *Sl. No.* | *Name of the Community* |
|---|---|
| 1. | Vaniya (Vanika, Vanika Vaisya, Vanibha Chetty, Vaniya Chetty, Ayiravar, Nagarathar and Vaniyan |
| 2. | Veluthedathu Nair (Veluthedan and Vannathan) |
| 3. | Chetty/Chetties (Kottar Chetties, Parakka Chetties, Elur Chetties, Attingal Chetties, Pudukkada Chetties, Iraniel Chetties, Sri Pandara Chetties, Telugu Chetties, Udiyankulangara Chetties, Peroorkada Chetties, Sadhu Chetties, 24 Mana Chetties, Wayanadan Chetties, Kalavara Chetties and 24 Mana Telugu Chetties, |
| 4. | Ezhavathi (Vathy) |
| 5. | Ganika |
| 6. | Kanisu or Kaniyar Panicker, Kani or Kaniyan (Ganaka) or Kanisan or Kamnan, Kalari Kurup / Kalari Panicker |
| 7. | Vilkurup, Perumkollan |
| 8. | Yadavas (Kolaya, Ayar, Mayar, Maniyani and Iruman), Erumakkar |
| 9. | Devanga |
| 10. | Pattariyas |
| 11. | Saliyas (Chaliya, Chaliyan) |
| 12. | Pandithar |
| 13. | Vaniar |
| 14. | Ezhuthachan |
| 15. | Chakkala / Chakkala Nair |
| 16. | Reddiars (throughout the State except in Malabar Area) |
| 17. | Kavuthiya |
| 18. | Veerasaiva (Yogi, Yogeeswara Poopandaram, Malapandaram, Jangam, Matapathi, Pandaram, Pandaran, Vairavi, Vairagi) |
| 19. | Vilakkithala Nair – Vilakkithalavan |
| 20. | Vaduka – Vadukan, Vadugar, Vaduka, Vaduvan |
| 21. | Chavalakkaran |
| 22. | Agasa |
| 23. | Kaikolan |
| 24. | Kannadiyans |
| 25. | Kerala Mudalis |
| 26. | Madivala |
| 27. | Naikkans |
| 28. | Tholkolans |
| 29. | Thottian |
| 30. | Mooppar or Kallan Moopan or Kallan Moopar |

അനുബന്ധം 3

## CERTIFICATE

***This is to certify that ...........................................................................................................***

***...................................................................... (Name & address of institution) is a Govt/Govt approved institution. It is also certified that the uploading details are true as per the official records kept in the institution***.

**Office Seal** **Signature**

**Place :** **Name of the head of institution**

**Date :** **Designation Seal**